**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയിൽ മെഡിക്കൽ കോളേജ് കോമ്പൗണ്ടിനുള്ളിലായി ശ്രീ.ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയ്ക്ക വേണ്ടി ചെറുവയ്ക്കൽ വില്ലേജിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999-ലെ ചട്ടം 3 സി പ്രകാരം FAR ഇനത്തിൽ ഏകദേശം 2.40 കോടി രൂപ ഇളവ് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(കൈ)നം. 2/2020/തസ്വഭവ                    തിരുവനന്തപുരം,തീയതി: 01/01/2020

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1) ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി മാനേജിംഗ് ഡയറക്ടറുടെ 18..07..2019, 30..07..2019 എന്നീ തീയതികളിലെ ലെ CIVIL/SCTIMST/NHB നമ്പർ കത്തുകൾ.

2) മുഖ്യ നഗരാസൂത്രകന്റെ 02..09..2019 ലെ ഡി3-7101/2018/കെ.ഡിസ്. നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ മെഡിക്കൽ കോളേജ് കോമ്പൗണ്ടിനുള്ളിലായി ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയ്ക്ക് വേണ്ടി ചെറുവയ്ക്കൽ വില്ലേജിൽ സർവ്വേ നമ്പർ 42/6,44/6-ൽപ്പെട്ട 7551.96 ച.മീറ്റർ സ്ഥലത്ത് 9 നിലകളിലായി (Lower GF+G+7) 22635.25 ച.മീറ്റർ വിസ്തീർണ്ണമുള്ള ആശുപത്രി ബ്ലോക്ക്, 6 നിലകളിലായി (Lower GF+G+4) 1052.5 ച.മീറ്റർ വിസ്തീർണ്ണമുള്ള സർവ്വീസ് ബ്ലോക്ക്, 356 ച.മീറ്റർ covered area വരുന്നതും 96 കാർ പാർക്കിംഗിനുള്ളതുമായ മെക്കാനിക്കൽ പാർക്കിംഗ് സ്ട്രക്ച്ചർ എന്നിവ ഉൾപ്പെടുന്ന നിർമ്മാണങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999 ചട്ടം 3 സി പ്രകാരം ഇളവ് ലഭിക്കുമോ എന്നത് പരിശോധിക്കാൻ ബഹു: സ്പീക്കറുടെ അദ്ധ്യക്ഷതയിൽ 02.07.2019-ന് ഒരു യോഗം ചേർന്നു.

2. പ്രസ്തുത യോഗത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999-ലെ ചട്ടം 31(1) പ്രകാരം FAR ഇനത്തിൽ സർക്കാരിൽ അടയ്ക്കേണ്ട തുക കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999-ലെ ചട്ടം 3 സി പ്രകാരം ഇളവ് ചെയ്യാനുള്ള പ്രൊപ്പോസൽ മുഖ്യനഗരാസൂത്രകയ്ക്ക് സമർപ്പിക്കാനും തീരുമാനിച്ചു. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം

ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി മാനേജിംഗ് ഡയറക്ടർ കത്ത് സമർപ്പിക്കുകയുണ്ടായി.

3. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടത്തിലെ ചട്ടം 3 സി പ്രകാരം, പൊതു ആവശ്യത്തിനായി, സർക്കാരോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, സർക്കാർ സ്ഥാപനങ്ങളോ നടത്തുന്ന കെട്ടിടനിർമ്മാണങ്ങൾക്ക് മുഖ്യനഗരാസൂത്രകനുമായി കൂടി ആലോചിച്ച്, നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാരിന് അധികാരം നൽകി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയ്ക്ക് വേണ്ടി പണിയുന്ന മേൽ പരാമർശിച്ച നിർമ്മിതിയ്ക്ക് 1999 കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3 സി പ്രകാരം ഇളവ് നൽകാമെന്ന് പരാമർശം (2) പ്രകാരം മുഖ്യനഗരാസൂത്രക ശിപാർശ ചെയ്യുകയുണ്ടായി.

4. പരാമർശം (1), (2) എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ മെഡിക്കൽ കോളേജ് കോമ്പൗണ്ടിനുള്ളിലായി ശ്രീ.ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയ്ക്കു വേണ്ടി ചെറുവയ്ക്കൽ വില്ലേജിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999-ലെ ചട്ടം 3 സി പ്രകാരം FAR ഇനത്തിൽ ഏകദേശം 2.40 കോടി രൂപ ഇളവ് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**ടി.കെ .ജോസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

മുഖ്യനഗരാസൂത്രക, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
ഡയറക്ടർ, ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ / എസ് & ജി.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ(എസ്.സി) വകുപ്പ്
ധനകാര്യവകുപ്പ്(05..12.19 ലെ 1353969/DEV-3/170/19-FIN നം അനൗദ്യോഗിക കുറിപ്പ് പ്രകാരം)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.